

ഒക്ടോബർ 2019

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

നമ്മുടെ സഭാപ്രതിനിധിമണ്ഡലയോഗത്തിന്റെ 2 സമ്മേളനങ്ങൾ 2019 സെപ്റ്റംബർ 12, 13, 14 തീയതികളിൽ വളരെ ശിക്ഷണബോധത്തോടും ക്രമീകൃതമായ രീതിയിലും നടത്തുവാൻ ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. അതിൽ ഒന്നാമത്തെ യോഗം, കഴിഞ്ഞ മൂന്നിൽപരം സംവത്സരങ്ങളായി തുടർന്നുവന്നിരുന്നതായ എപ്പിസ്കോപ്പൽ തിരഞ്ഞെടുപ്പ് എന്ന വിഷയം ഒരു പരിസമാപ്തിയിലേക്കു വരുവാൻ തക്കവണ്ണം, നിരവധി നിയമതടസ്സങ്ങൾ മറികടന്ന് ഏറ്റവും ഭംഗിയായി നടത്തുവാൻ ദൈവം കൃപ ചെയ്തു എന്നത് ചാരിതാർത്ഥ്യജനകമാണ്. ആ പ്രക്രിയ പൂർത്തീകരിക്കപ്പെട്ടതിൽ നാം സംതൃപ്തനാണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ അങ്ങനെയൊരു തീരുമാനം ഉളവായത് നിർഭാഗ്യകരമായിപ്പോയി എന്ന ചിന്തയാണ് നമുക്കുള്ളത്. മുൻകാലങ്ങളിലെപ്പോലെ സ്ഥാനാർത്ഥികളെക്കുറിച്ച് ഒരു പരാതി പോലും ലഭിച്ചിട്ടില്ലായിരുന്നു. സോഷ്യൽ മീഡിയായിലൂടെ പ്രചരിച്ചതായ നിർഭാഗ്യകരമായ പ്രചരണങ്ങളുടെ പശ്ചാത്തലത്തിലാണ് ഇപ്രകാരമൊരു തീരുമാനം ഉളവാകാൻ ഇടയായത് എന്നു കരുതുന്നു. എന്നാൽ ഔദ്യോഗിക പക്ഷത്തു നിന്ന് അനഭിലഷണീയമായ യാതൊരു സമ്മർദ്ദവും ചെലുത്തിയിട്ടില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആയതിനാൽ ഇപ്പോൾ നിലവിലിരിക്കുന്ന ഭരണസംവിധാനത്തിന് ഒരു പുനർക്രമീകരണം അടുത്ത സിനഡിൽ സാധ്യമായിത്തീരുമെന്ന് പ്രത്യാശിക്കുന്നു. ആവശ്യമായ തീരുമാനങ്ങൾ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

രണ്ടാം ദിവസം നടന്ന വാർഷിക പ്രതിനിധിമണ്ഡലം അനുഗ്രഹകരമായ രീതിയിൽ നടന്നു. ഭരണഘടനാ ഭേദഗതികൾ ചർച്ചയ്ക്കെടുത്തപ്പോൾ കോറമില്ലായ്കയാൽ അജണ്ടായിൽ മാറ്റിവെച്ചിരുന്നുവെങ്കിലും രണ്ടാമത്തെ പരിഗണനയിലും കോറമില്ലാതെ വന്നതിനാൽ വിഷയം പരിഗണനയ്ക്കെടുക്കുന്നില്ല എന്നു അദ്ധ്യക്ഷൻ പ്രസ്താവിച്ചു. ബാക്കി അജണ്ടാ മുഴുവൻ, ലഭ്യമായ സമയത്തിനുള്ളിൽ പരിഗണിക്കുവാൻ കഴിഞ്ഞു എന്നതും വലിയൊരു ദൈവകൃപയായി കരുതുന്നു.

കഴിഞ്ഞ സംവത്സരത്തിലെ പ്രളയകാലത്തുണ്ടായ നാശനഷ്ടങ്ങളുടെ ഫലമായി പുനരധിവാസ പ്രവർത്തനങ്ങൾക്കായി സഭ ശേഖരിച്ചതായ ഫണ്ട് ഉപയോഗിച്ച് തിരഞ്ഞെടുത്ത നൂറു വീടുകളുടെ പണി ഈ വർഷം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 77 വീടുകളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ബാക്കി വീടുകളുടെ പണികൾ ഉടനെ ആരംഭിക്കുന്നതാണ്. അറ്റകുറ്റപ്പണികൾക്കായി 63 ഭവനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ചെയ്തു. ഇതിൽ 32 ഭവനങ്ങളിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ഈ വർഷം പ്രകൃതിദുരന്തങ്ങൾ കൂടുതലായി അനുഭവിച്ച മേഖലകളിൽ പുനർനിർമ്മാണത്തിനായി ഒരു വീടിന് പത്തുലക്ഷം എന്ന കണക്കിൽ സുമനസ്സുകളിൽ നിന്നും പണം സ്വീകരിച്ച് സഭയുടെ മേൽനോട്ടത്തിൽ 20 വീടുകളെങ്കിലും വെച്ചു നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ സുമനസ്സുകളുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു എന്ന് അറിയിക്കട്ടെ.

രാഷ്ട്രീയ മേഖലകളിൽ ആഭ്യന്തര വിഭാഗീയത എല്ലാ രാഷ്ട്രീയ കക്ഷികളിലും വർദ്ധിച്ചുവരുന്ന പ്രവണത ആശങ്കാജനകമാണ്. എല്ലാ വിഭാഗീയതകൾക്കും അതീതമായി മനുഷ്യനെ മനുഷ്യനായി ദർശിച്ച നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം ഈ വർഷം രാഷ്ട്രമായി ആചരിക്കുകയാണല്ലോ. 'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന് ആത്മാർത്ഥമായി പറയുവാൻ തക്കവണ്ണം അദ്ദേഹം ജീവിച്ച് നമ്മുടെ രാഷ്ട്രത്തിന് മാർഗ്ഗദീപമായി മാറി. വിഭാഗീയതകൾക്കതീതമായി സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സർവ്വോദയത്തിന്റെയും മതേതരത്വത്തിന്റെയും ദർശനവും മാതൃകയും നമുക്ക് പകർന്നു നൽകിയ മഹാത്മജിയുടെ ജീവിതവും സന്ദേശവും നമുക്കെന്നും വഴിവെളിച്ചമായി തീരട്ടെ.

നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിക്ക് അമേരിക്കയിൽ ലഭിച്ചതായ വമ്പിച്ച സ്വീകരണവും അതിൽ അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ പ്രതികരണവും ഉളവാക്കാവുന്ന അന്താരാഷ്ട്ര പ്രതികരണങ്ങളുടെ ഫലം ഇപ്പോൾ പ്രവചിക്കുക സാധ്യമല്ല. വ്യത്യസ്ത പ്രതികരണങ്ങൾ അന്തരീക്ഷത്തിൽ പ്രകടമാകുന്നുമുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്.

മാനുഷിക പരിഗണനാർഹങ്ങളായ വിഷയങ്ങളെ പരിഗണിക്കാതെ നിയമത്തിന്റെ നൂലാമാലകളിൽ കുടുങ്ങി മനുഷ്യാവകാശങ്ങളും ആരാധനാ സ്വാതന്ത്ര്യവും മുടക്കപ്പെടുന്നതിന്റെ ഭവിഷ്യത്തുകളും അതുമൂലം ജനലക്ഷങ്ങൾക്കുളവാകുന്ന വേദനയും പരിഗണിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അപ്രകാരമുള്ള അവസ്ഥയിലേക്കു നീങ്ങുന്ന ജനങ്ങളെക്കുറിച്ച് ഇന്നത്തെ സമൂഹവും രാഷ്ട്രവും അർഹമായ ശ്രദ്ധ ചെലുത്തേണ്ടതാണെന്നു കരുതുന്നു. നിയമത്തിന്റെ അക്ഷരങ്ങളിൽ കുടുങ്ങി മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നത് ആശാവഹമല്ല എന്നതാണ് നമ്മുടെ അഭിപ്രായം.

കഴിഞ്ഞ കത്തിൽ ഒരു മദ്യശാലയിൽ രൂപപ്പെട്ട തർക്കം ഹൈവേയിലേക്ക് നീങ്ങിയതായ നിർഭാഗ്യകരമായ സംഭവത്തെക്കുറിച്ച് അനുസ്മരിക്കുകയുണ്ടായല്ലോ. ഈ മാസവും വാഹനാപകടങ്ങളുടെ ഒരു പരമ്പരതന്നെ പലയിടങ്ങളിലായി സംഭവിക്കുകയുണ്ടായി. ഓരോ അപകട മരണത്തിലും നഷ്ടപ്പെടുന്ന ജീവന്റെ വില എത്രയോ അമൂല്യമാണ്. അപകടങ്ങൾ വരാതെ സൂക്ഷിക്കുവാൻ എല്ലാവരും ജാഗ്രത പുലർത്തേണ്ടതും ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്. അടുത്ത സമയത്ത് സംഭവിച്ച യുവജനങ്ങളുടെ മരണം നാടിനെ ഏറെ ദുഃഖിപ്പിച്ച ഒരു സംഭവമായിരുന്നു. ശരിയായ ദിശയിൽകൂടി പോയ ട്രാൻസ്പോർട്ട് ബസിന്റെ അടിയിലേക്ക് ഇടിച്ചുകയറിയ ഒരു കാറിലെ യുവജനങ്ങളുടെ മരണം നിർഭാഗ്യകരമായ ഒരു സംഭവമായിരുന്നു. ഇത്തരം വേദനാജനകമായ അനുഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ജാഗ്രത പുലർത്തുകയും പ്രാർത്ഥിക്കുകയും വേണം.

സെപ്റ്റംബർ മാസം ആദ്യദിവസങ്ങളിൽ കുറവിലങ്ങാട് കൂടിയതായ മലങ്കര നസ്രാണി സംഗമത്തിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് മലങ്കരയിലെ സഭകളുടെ ചരിത്രത്തിലെ നൂതന കാൽവെയ്പായിരുന്നു. കൂനൻ

കുരിശ് സത്യത്തിനു മുമ്പ് ഉണ്ടായിരുന്ന നസ്രാണി സമൂഹത്തിന്റെ മഹത്തായ സ്നേഹ പൈതൃകത്തിലേക്കുള്ള ഒരു വീണ്ടെടുപ്പായിരുന്നു ഈ നസ്രാണി സംഗമം. അതു വളരെ ഹൃദ്യമായ ഒരു അനുഭവമായി ഏവർക്കും ഹരം പകർന്നു എന്നതു ശ്രദ്ധേയമാണ്. മലങ്കരയിലെ മാർത്തോമ്മാ പൈതൃകമുള്ള എല്ലാ സഭകളും നാനാത്വത്തിൽ ഏകത്വം അംഗീകരിച്ചുകൊണ്ട് വരുംകാലങ്ങളിൽ പ്രവർത്തിക്കാൻ തക്ക ദർശനം ലഭിക്കുന്നതിന് ഈ സംഗമം നൽകിയ പ്രകാശം എല്ലാ സഭകളെയും പ്രകാശിപ്പിക്കട്ടെ എന്നു ആശംസിക്കുന്നു.

ആർച്ച് ബിഷപ്പ് ഓഫ് കാന്റർബറി സി.എസ്.ഐ. സഭയുടെ ക്ഷണപ്രകാരം അടുത്ത സമയത്ത് കേരളം സന്ദർശിക്കുകയുണ്ടായി. ലഭ്യമായ സമയത്തിന്റെ പരിമിതി മൂലം, നാം ആഗ്രഹിച്ച വിധമുള്ള ഒരു സ്വീകരണം നൽകാൻ നമ്മുടെ സഭയ്ക്ക് സാധിച്ചില്ല എങ്കിലും ലഭിച്ച സമയപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കോട്ടയം യെരുശലേം മാർത്തോമ്മാ പള്ളിയുടെ ആഡിറ്റോറിയത്തിൽ വെച്ച് സഭയുടെ സ്വീകരണവും ലഞ്ചും ക്രമീകരിക്കുവാൻ കഴിഞ്ഞു. വളരെ ഹൃദ്യമായ ഒരു സ്വീകരണമായിരുന്നു അത്. സഭയുടെ ആദരവുകൾ ലോകമെങ്ങുമുള്ള ആംഗ്ലിക്കൻ സമൂഹത്തിന്റെ പരമാദ്ധ്യക്ഷനു നൽകുന്നതിനും അദ്ദേഹത്തോടൊപ്പം വന്ന ഔദ്യേഗിക സംഘാംഗങ്ങൾക്കു നൽകുന്നതിനും കഴിഞ്ഞു. ഇവിടെ ലഭിച്ച സ്നേഹോഷ്മളമായ സ്വീകരണത്തിന് തനിക്കുള്ള സംതൃപ്തിയും നന്ദിയും കാന്റർബറി ആർച്ച് ബിഷപ്പ് നമ്മെ അറിയിക്കുകയുണ്ടായി എന്നതും പ്രസ്താവ്യമാണ്.

2020 സെപ്റ്റംബർ മാസം ക്രിസ്ത്യൻ കോൺഫറൻസ് ഓഫ് ഏഷ്യയുടെ 15-ാമത് ജനറൽ അസംബ്ലി തിരുവനന്തപുരത്തു നടത്തുവാൻ ആഗ്രഹിക്കുന്നതിനാൽ ജനറൽ സെക്രട്ടറിയുടെയും മറ്റു സെക്രട്ടറിമാരുടെയും ഒരു ഒരുക്ക കമ്മിറ്റി ഈ മാസം 8-ാം തീയതി തിരുവനന്തപുരത്തു കൂടി. വിവിധ അഡ്ഹോക്ക് കമ്മിറ്റികൾ രൂപീകരിച്ചു. ഏഷ്യയിലുള്ള 120 സഭകളുടെ 19 രാഷ്ട്രങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഒത്തുചേരുവാനുള്ള ധന്യമായ സാഹചര്യവും കൃപയും ലഭ്യമാകേണ്ടതിനായി നമുക്കു പ്രാർത്ഥിക്കാം.

തിരുവനന്തരം-കൊല്ലം ഭദ്രാസനാദ്ധ്യക്ഷനായിരിക്കുന്ന അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായ്ക്ക്, തിരുമേനിയുടെ സപ്തതിയുടെ നിറവിൽ ആ ഭദ്രാസനത്തിന്റെ ആദരവുകൾ അർപ്പിക്കുന്നതിനു കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ ഭദ്രാസനമായി ക്രമീകരിച്ച പൊതുസമ്മേളനം വളരെ അനുഗ്രഹകരമായിരുന്നു.

കോഴഞ്ചേരി കോളേജിന്റെ, പുനരുദ്ധാരണം നടത്തിയതായ പഴയ ലേഡീസ് ഹോസ്റ്റലിന്റെയും കെമിസ്ട്രി ലാബിന്റെയും ഉദ്ഘാടനം നിർവ്വഹിക്കുവാൻ ഇടയായി. ആയതിന് ബോർഡ് എടുത്ത തീരുമാനങ്ങൾ ഫലകരമാക്കിത്തീർത്തതിലുള്ള അഭിനന്ദനം അറിയിക്കുന്നു.

നമ്മുടെ സഭയിലെ പട്ടക്കാരനായിരുന്ന റവ. എം. ജെ. ജോൺ അച്ചന്റെ സഹധർമ്മിണി ശ്രീമതി എൽസി ജോൺ നിര്യാതയായി. ഈ വേർപാടിൽ സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. മാർത്തോമ്മാ സഭാ ഓഫീസിൽ നമ്മുടെ സിസ്റ്റം മാനേജരായിരിക്കുന്ന റവ. ഏബ്രഹാം സുദീപ് ഉമ്മൻ അച്ചന്റെ പിതാവ് ഡോ. ഏബ്രഹാം ഉമ്മൻ 11-ാം തീയതി രാവിലെ നിര്യാതനായി. എങ്കിലും മണ്ഡല ദിവസങ്ങളിൽ തന്റെ ഔദ്യോഗിക കൃത്യ നിർവ്വഹണം തന്റെ പിതാവിന്റെ വേർപാടിന്റെ വേദനയുടെ മധ്യത്തിലും റവ. ഏബ്രഹാം സുദീപ് ഉമ്മൻ അച്ചൻ ഏറ്റവും വിശ്വസ്തതയോടെ കാര്യക്ഷമമായി നിർവ്വഹിച്ചതോർക്കുമ്പോൾ അച്ചനോടുള്ള നന്ദി വാക്കുകൾക്കതീതമാണ് എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ മണ്ഡലം കഴിഞ്ഞ് ഭവനത്തിലേക്ക് പോകുമ്പോൾ ഉണ്ടായ ബൈക്ക് അപകടത്തിൽ വലതുകൈയ്ക്ക് ക്ഷതം സംഭവിക്കുകയുണ്ടായി. അച്ചന് ഒരു ഓപ്പറേഷൻ വേണ്ടിവന്നു. 6 ആഴ്ചത്തേക്ക് പരിപൂർണ്ണ വിശ്രമം ഡോക്ടർമാർ നിർദ്ദേശിച്ചിരിക്കുകയാണ്. വളരെവേഗത്തിൽ അച്ചൻ പൂർണ്ണസൗഖ്യം പ്രാപിക്കട്ടെയെന്ന് പ്രാർത്ഥിക്കാം. അച്ചന്റെ പ്രിയ പിതാവിന്റെ വേർപാടിൽ സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. നമ്മുടെ സഭയിലെ പട്ടക്കാരനായിരുന്ന ദിവംഗതനായ റവ. വി.കെ. ജോൺ അച്ചന്റെ സഹധർമ്മിണിയും തിരുവല്ലാ സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരിയായിരിക്കുന്ന റവ. ജോജൻ മാത്യൂസ് ജോൺ അച്ചന്റെ മാതാവുമായ ശ്രീമതി ചിന്നമ്മ ജോണും എറണാകുളം ഫോർട്ട് കൊച്ചി സെന്റ് ജോർജ്ജ് മാർത്തോമ്മാ ഇടവക വികാരിയായിരിക്കുന്ന റവ. സാജൻ പി. മാത്യു അച്ചന്റെ മാതാവ് ശ്രീമതി അന്നമ്മ മാത്യുവും നിര്യാതരായി. ഈ പ്രിയ മാതാക്കളുടെ ദേഹവിയോഗത്തിൽ സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. അമേരിക്കയിൽ ഡിട്രോയിറ്റിൽ വിശ്രമജീവിതം നയിച്ചുകൊണ്ടിരുന്ന പ്രശസ്ത അമേരിക്കൻ ബോയിംഗ് കമ്പനിയിലെ എഞ്ചിനീയറായിരുന്ന ഊരിയപ്പടിക്കൽ ശ്രീ. ഒ.സി. കോശി സെപ്റ്റംബർ 2-ാം തീയതി നിര്യാതനായി. അമേരിക്കൻ ഭദ്രാസനത്തിന്റെ വളർച്ചയിൽ അദ്ദേഹം നൽകിയ സേവനങ്ങളെ അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ സഭയ്ക്കുള്ള അനുശോചനം അറിയിക്കുന്നു. പ്രിയപ്പെട്ടവരുടെ വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായുള്ള പ്രാർത്ഥനയുടെ വാഗ്ദാനവും നൽകുന്നു.

സെപ്റ്റംബർ 21, 22 തീയതികളിൽ നടന്ന എറണാകുളം സെന്റർ കൺവൻഷനിൽ 2 ദിവസം സംബന്ധിച്ച് വചനശുശ്രൂഷ നിർവ്വഹിച്ചു.

വളരെ പ്രയാസകരമായ ഒരു കാലഘട്ടത്തിലൂടെ കടന്നുപോകുകയും അതിജീവനത്തിനായി പ്രയത്നിക്കുകയും ചെയ്യുന്ന മലങ്കര യാക്കോബായ സുറിയാനി സഭയുടെ എറണാകുളം മറൈൻ ഡ്രൈവിലെ പ്രാർത്ഥനായജ്ഞത്തിൽ സംബന്ധിച്ച് സഭയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രാർത്ഥനയുടെ വാഗ്ദാനം നൽകുകയുണ്ടായി.

ഡോ. യൂഹാനോൻ മാർത്തോമ്മാ അനുസ്മരണ പ്രഭാഷണം സെപ്റ്റംബർ 28-ാം തീയതി കൊട്ടാരക്കരയിൽ നടന്നതിൽ സംബന്ധിച്ചു. സെപ്റ്റംബർ 30-ാം തീയതി വെണ്മണി ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദിയോടനുബന്ധിച്ച് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മുഖ്യാതിഥിയായി പങ്കെടുത്ത ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

ക്രിസ്തീയ വിശ്വാസികളുടെ ദൗത്യനിർവ്വഹണത്തെ കുറിച്ചുള്ള ധ്യാനത്തോടുകൂടിയാണ് ഒക്ടോബർ മാസത്തിലെ ധ്യാനങ്ങൾ ആരംഭിക്കുന്നത്. ഒക്ടോബർ 6-ാം തീയതി ഞായറാഴ്ച സന്നദ്ധ സുവിശേഷക സംഘദിനമാണ്. മാർത്തോമ്മാ സഭയിൽ നവീകരണ കാലഘട്ടത്തിനു ശേഷം കുട്ടികളുടെ ഇടയിലുള്ള സുവിശേഷ പ്രവർത്തനം, സ്ത്രീ ജനങ്ങളുടെയിടയിലുള്ള സുവിശേഷ ദൗത്യം, സന്നദ്ധ സുവിശേഷകരായി ഓരോ വിശ്വാസിയും ഉത്തരവാദിത്വപൂർവ്വം നിർവ്വഹിക്കേണ്ട സുവിശേഷ ദൗത്യം എന്നിവയെക്കുറിച്ചുള്ള അവബോധം രൂപീകൃതമാകുകയും ഈ മേഖലകളിലെ നാനാവിധത്തിലുള്ള പ്രവർത്തനസരണികൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. സന്നദ്ധ സുവിശേഷക സംഘ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ശുശ്രൂഷകൾ പ്രവാചകദൗത്യ ദർശനത്തിൽ, നിർവ്വചിക്കപ്പെടേണ്ടതും, നിർവ്വഹിക്കപ്പെടേണ്ടതുമായ മഹത്തായ ദൗത്യമാണ്. നാം ജീവിക്കുന്ന ലോകം പലവിധമായ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും സംഘർഷ

ങ്ങളുടെയും ലോകമാണ്. ഈ ലോകത്തെ രൂപാന്തരപ്പെടുത്തുന്ന മാതൃകകൾ സമ്മാനിച്ചുകൊണ്ടാണ് ഓരോ വിശ്വാസിയും ഉത്തമ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കേണ്ടത്. വിശുദ്ധ ഏവൻഗേലിയോനായി വായിക്കുന്ന വേദഭാഗത്തുള്ള കർത്താവിന്റെ മഹാപുരോഹിത പ്രാർത്ഥനയിലും ലേഖന ഭാഗമായി അന്നേ ദിവസം വായിക്കുന്ന അപ്പൊസ്തലനായ വിശുദ്ധ പൗലോസിന്റെ ലേഖനത്തിലും വളരെ വ്യക്തമായി സൂചിപ്പിക്കുന്നത് ഈ ലോകത്തിൽ നാം എങ്ങനെ ക്രിസ്തുവിന്റെ സാക്ഷികളായി സാക്ഷ്യം നിർവ്വഹിക്കണം എന്നതാണ്. മഹാ പുരോഹിത പ്രാർത്ഥനയിൽ യേശു തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പ്രാർത്ഥന ഏറെ ഹൃദയസ്പർശിയും ചിന്തോദ്ദീപകവുമാണ്. –"അവരെ ലോകത്തിൽ നിന്ന് എടുക്കേണം എന്നല്ല ദുഷ്ടന്റെ കൈയ്യിൽ അകപ്പെടാതെ വണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രെ ഞാൻ അപേക്ഷിക്കുന്നത്. ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികന്മാരല്ല. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യമാകുന്നു. നീ എന്നെ ലോകത്തിലേക്കയച്ചതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു. അവരും സാക്ഷാൽ വിശുദ്ധീകരിക്കപ്പെട്ടവർ ആകേണ്ടതിന് ഞാൻ അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു. ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു" (യോഹ. 17:15-20). ഈ പ്രാർത്ഥന ശിഷ്യന്മാർക്കു വേണ്ടി മാത്രമുള്ളതല്ല, ക്രിസ്തുവിൽ വിശ്വസിക്കുന്ന എക്കാലത്തെയും വിശ്വാസസമൂഹത്തിനുവേണ്ടിയുള്ള പ്രാർത്ഥനയാണ്. സുവിശേഷം പ്രസംഗിക്കുക മാത്രമല്ല സുവിശേഷം ജീവിതസാക്ഷ്യത്തിലൂടെ വെളിപ്പെടുത്തുകയും വേണം എന്നാണ് കർത്താവ് ആഗ്രഹിക്കുന്നത്. എങ്ങനെയാണ് ക്രിസ്തു സാക്ഷ്യം ഈ ലോകത്തിൽ നിർവ്വഹിക്കേണ്ടത് എന്ന് കർത്താവ് വ്യക്തമാക്കിത്തരുന്ന ഈ പ്രാർത്ഥനയുടെ സൽഫലങ്ങളായി നമ്മുടെ സുവിശേഷദൗത്യം നിർവ്വഹിക്കുവാൻ സന്നദ്ധ സുവിശേഷക സംഘത്തിന്റെ കുടക്കീഴിൽ നമുക്കു അണിനിരക്കാം. ഒക്ടോബർ 13 ഞായർ നമ്മോടൊപ്പം ഭാഗ്യവാന്മാരല്ലാത്തവരും ദൈവസൃഷ്ടികളുമായ ഭിന്നശേഷിക്കാരോടുള്ള കരുതലിനെ കുറിച്ച് സഭയായി ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ദിനമാണ്. ഈ കരുതൽ കർത്താവ് തന്റെ പരസ്യശുശ്രൂഷയിൽ വരണ്ട കൈയ്യുള്ള മനുഷ്യനോടുള്ള സമീപനത്തിലൂടെയും കൂനിയായ സ്ത്രീയോടുള്ള സമീപനത്തിലൂടെയും അവരുടെ പ്രവർത്തനക്ഷമത പൂർണ്ണമായും ഉപയോഗിക്കുവാനുള്ള സൗഖ്യവും സാധ്യതയും ഒരുക്കിക്കൊടുത്തതിലൂടെയും വ്യക്തമാക്കിതരികയാണ് ചെയ്യുന്നത്. ഈ സമീപനമാണ് സഭയ്ക്ക് എന്നും മാതൃകയായിട്ടുള്ളത്. ഒക്ടോബർ 20 ഞായർ യുവജന ഞായറായി സഭ ആചരിക്കുന്നു. യുവജനങ്ങളിൽ ദൈവം നൽകിയിരിക്കുന്ന താലന്തുകളെക്കുറിച്ചുള്ള കാര്യവിചാരകത്വത്തെക്കുറിച്ചുള്ള അവബോധത്തിൽ വളരുവാനും പ്രവർത്തിക്കുവാനും നമ്മുടെ യുവജനങ്ങൾക്ക് കഴിയണം. ധനികനായ ഒരു യുവാവ് കർത്താവിന്റെ അടുക്കലെത്തി അവന്റെ മുമ്പിൽ മുട്ടുകുത്തി "നിത്യജീവനെ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യണം?" എന്ന് ചോദിക്കുമ്പോൾ കല്പനകൾ പാലിക്കുവാനാണ് കർത്താവ് ആവശ്യപ്പെടുന്നത്. എന്നാൽ കല്പനകളെല്ലാം താൻ ചെറുപ്പം മുതൽ പ്രമാണിച്ചുപോരുന്നു എന്ന് ആ യുവാവ് മറുപടി പറയുമ്പോൾ യേശു അവനെ നോക്കി സ്നേഹിച്ച് അവനോടു പറഞ്ഞത് അവന്റെ ഒരു കുറവിനെക്കുറിച്ചാണ്. – "നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക, എന്നാൽ നിനക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്കുക". അവന്റെ സ്വയകേന്ദ്രീകൃതമായ ജീവിതത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട്, അവന്റെ ജീവിതത്തിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ചാണ് ക്രിസ്തു സൂചിപ്പിച്ചത്, പിതാവായ ദൈവം പുത്രനായ ദൈവത്തിലൂടെ വെളിപ്പെടുത്തിയ മാനവികതയുടെ പ്രകാശം മറ്റുള്ളവരിലേക്ക് സ്നേഹമായി, കരുണയായി, കരുതലായി പരത്തുവാനാണ് നമ്മുടെ നിയോഗം എന്ന് തിരിച്ചറിയുവാനുള്ള അവബോധം നമ്മുടെ യുവജനങ്ങൾക്കുണ്ടാകട്ടെ. ഒക്ടോബർ 27 ഞായർ ക്രിസ്തീയ കുടുംബ പ്രതിഷ്ഠാദിനമാണ്. കുടുംബം വിശ്വാസരൂപീകരണത്തിന്റെ തൊട്ടിലാകുന്നു എന്നു നമ്മെ അനുസ്മരിപ്പിക്കുന്ന ദിനമാണ് അത്. കർത്താവ് ജനിക്കുവാൻ ദൈവം ഭൂമിയിൽ ഒരുക്കിയത് അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബത്തിലായിരുന്നു. നസ്രേത്തിലെ കുടുംബമാതൃകയാണ് ഏറ്റവും ശ്രേഷ്ഠമായ കുടുംബമാതൃക. വിശുദ്ധ കൂദാശയിലൂടെ സംയോജിപ്പിക്കപ്പെടുന്ന കുടുംബത്തിൽ ദൈവം നൽകുന്ന കുഞ്ഞുങ്ങളെ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിൽ വളർത്തുന്ന തൊട്ടിലത്രെ നമ്മുടെ ഭവനം. വിശുദ്ധിയുടെ നിറവിൽ ആയിരിക്കണം കുഞ്ഞുങ്ങളെ മാതാപിതാക്കൾ ഏറ്റുവാങ്ങേണ്ടത്. അനഭിലഷണീയമായ രീതികളിൽ കുഞ്ഞുങ്ങൾ പ്രവർത്തിക്കുന്നതു കാണുമ്പോൾ 'നിന്നെ ഞാൻ ഏറ്റുവാങ്ങിയത് അബദ്ധമായിപ്പോയി' എന്നു മാതാപിതാക്കൾ പറയാൻ ഇടയാക്കരുത്. അതുപോലെ കുഞ്ഞുങ്ങൾ വളരുന്നതിനനുസരിച്ച് കുഞ്ഞുങ്ങളെ ആദരിക്കുവാനും കുഞ്ഞുങ്ങൾ മാതാപിതാക്കളെ ആദരിക്കുവാനും ഉള്ള സൽപ്രേരണകൾ വളർത്തുകയുമാണ് വേണ്ടത്. അമേരിക്കയിൽ ഒരു പൈതൽ മാതാപിതാക്കളോടു പറഞ്ഞ സംഭവം അനുസ്മരിക്കട്ടെ. 4 വയസ് പ്രായമായ കുഞ്ഞ് നേഴ്സറിയിൽ പഠനത്തിനു പോയി. കുറച്ചുകഴിഞ്ഞപ്പോൾ ആ കുഞ്ഞ് തെറ്റു ചെയ്യുന്നതു കണ്ടപ്പോൾ മാതാവ് ശാസിച്ച് വടിയെടുത്തു. കുട്ടി പറഞ്ഞു–"എന്റെ നേരെ വടി ഉപയോഗിക്കരുത്. ഉപയോഗിച്ചാൽ ഞാൻ പോലീസിനെ വിളിക്കും". ഇത്തരം സമീപനമാണു കുടുംബങ്ങളുടെ ഭദ്രത തകർത്തുകൊണ്ടിരിക്കുന്നത്. ദീർഘദൂരം നടന്ന് ആരാധനാലയത്തിലേക്ക് 12 വയസ്സുകാരനായ യേശു എന്ന പൈതലിനേയുമായി പോകുന്ന മാതാപിതാക്കളുടെ ധന്യത നമുക്കു മാതൃകയായിരിക്കണം. അടുത്ത് പള്ളിയുണ്ടെങ്കിൽപ്പോലും കുട്ടിയെയും കൂട്ടിക്കൊണ്ട് പള്ളിയിൽ പോകാത്ത എത്രയോ മാതാപിതാക്കൾ നമ്മുടെ ഇടയിലും ഉണ്ട് എന്ന് ഓർക്കുക. സ്വർഗ്ഗത്തിൽ പോകാനുള്ള വഴി അന്വേഷിക്കുന്നവർ അനേകരാണ്. എന്നാൽ 2 ചോദ്യങ്ങളുടെ പൊരുൾ ചെവിയിൽ മുഴങ്ങട്ടെ.– "ആദമേ നീ എവിടെ?" ആദമിനോട് ദൈവം ചോദിച്ച ചോദ്യം ഇന്ന് നമ്മോടും ചോദിക്കുന്നു. കായിനോട് ദൈവം ചോദിച്ചു–'നിന്റെ സഹോദരൻ എവിടെ?' ഈ ചോദ്യം ഇന്ന് നമ്മോടും ചോദിക്കുന്നു. എന്താണ് നമ്മുടെ ഉത്തരം? ദൈവസാന്നിദ്ധ്യം അനുഭവിച്ചുകൊണ്ട് സാഹോദര്യബന്ധം വീണ്ടെടുത്തുകൊണ്ട് നമ്മുടെ കുടുംബത്തിന്റെ ഭദ്രത വീണ്ടെടുക്കാം.

"യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു; യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു" (സങ്കീ. 127:1).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
30-09-2019

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**